# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1945   15.07.16 -ൽ മറുപടിക്ക്

## ഭാരതപ്പുഴയിലെ തടയണ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ നഗരസഭാപ്രദേശത്തെയും വാണിയംകുളം ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട സമീപ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാനായി ഭാരതപ്പുഴയുടെ കുറുകെ 2008- ൽ പണി തുടങ്ങിയ തടയണയുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നും പ്രസ്തുത തടയണയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും പദ്ധതി പൂർത്തീകരണത്തിന് ഇനിയും എത്ര തുക വേണ്ടിവരുമെന്നും പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയും എന്നും വ്യക്തമാക്കുമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതുരുത്തി തടയണയ്ക്കായി നാളിതുവരെ 2.8 കോടി രൂപ ചെലവഴിച്ചു. കരാറുകാരന്റെ ആകസ്മിക മരണം മൂലം കരാർ റദ്ദു ചെയ്യേണ്ടി വന്നു.<br>നിലവിലുള്ള സൈറ്റ് കണ്ടീഷൻ വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതി രൂപരേഖ തയ്യാറായാൽ മാത്രമേ എത്ര തുക വേണ്ടി വരും എന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭ, തൃക്കടീരി, അനങ്ങനടി, ചളവറ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായുള്ള കാളിക്കടവിലെ സ്ഥിരം തടയണ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്ര, പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) & (സി) | മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് പഞ്ചായത്തിൽ തൂതപ്പുഴയ്ക്ക് കുറുകെ കാലിക്കടവിൽ ഒരു തടയണ നിർമ്മാണത്തിന് വേണ്ടി വിശദമായ പര്യവേഷണം നടത്തുകയും തടയണയുടെ രൂപകല്പന ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഏകദേശം 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത തടയണകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ